# THIRUVANANTHAPURAM EDUCATIONAL DISTRICT

## MATHEMATICS – UNIT 1

## Standard X

WS2MT
101 M

........................................................................................................................

1) 0,3,8,15 ........എന്ന സംഖ്യാശ്രേണി പരിഗണിക്കുക, പൂർണ വർഗത്തേക്കാൾ ഒന്ന് കുറവായ സംഖ്യകളുടെ ശ്രേണിയാണ്.

(a) ഈ ശ്രേണിയുടെ അടുത്ത പദം എഴുതുക.

(b) പത്താം പദം എത്ര?

(c) ഏറ്റവും വലിയ രണ്ടക്ക സംഖ്യാപദം ഏതാണ്?

2) a) 70,77,84........ എന്ന സമാന്തരശ്രേണിയുടെ പൊതുവ്യത്യാസം എന്താണ് .

(b) ഈ ശ്രേണിയുടെ 10 -)ം പദവും 20 -)ം പദവും തമ്മിലുള്ള വ്യത്യാസം എന്ത്?

(c) ഒരു പദം മറ്റേ പദത്തിന്റെ ഇരട്ടിവരുന്ന ഈ ശ്രേണിയിലെ രണ്ടു പദങ്ങൾ എഴുതുക.

3) ഒരു സമാന്തരശ്രേണിയുടെ എട്ടാം പദം 36 ഉം പത്താം പദം 28 ഉം ആണെങ്കിൽ ചുവടെ പറയുന്നവ കണ്ടെത്തുക.

(a) പൊതു വ്യത്യാസം.

(b) ആദ്യപദം.

(c) n - )ം പദം.

(d) പതിനൊന്നാം പദം.

4) 4,9,14,19 ........എന്ന സമാന്തരശ്രേണി പരിഗണിക്കുക.

(a) ഈ സമാന്തരശ്രേണിയുടെ പൊതുവ്യത്യാസം എത്ര?

(b) അടുത്ത രണ്ട് പദങ്ങൾ എഴുതുക.

(c) ബീജഗണിതരൂപം എഴുതുക.

5) ഒരു സമാന്തരശ്രേണിയുടെ ബീജഗണിതരൂപം 8n+3 ആണെങ്കിൽ

(a) പൊതുവ്യത്യാസം കാണുക.

(b) സമാന്തരശ്രേണി എഴുതുക.

TVM EDL DIST

(c) ഓരോ പദത്തേയും 8 കൊണ്ട് ഹരിച്ചാൽ കിട്ടുന്ന ശിഷ്ടം എത്ര?

(d) ഈ ശ്രേണിയിൽ 200 നും 400 നും ഇടയ്ക്ക് എത്ര പദങ്ങൾ ഉണ്ട്.

6) ഒരു സമാന്തരശ്രേണിയുടെ ആദ്യത്തെ തുടർച്ചയായ 3 പദങ്ങളുടെ തുക 36 ആയാൽ

(a) നടുവിലെപദം കണ്ടെത്തുക.

(b) ഈ ശ്രേണിയിലെ പൊതുവ്യത്യാസം 2 ആയാൽ ശ്രേണി എഴുതുക?

7) ഒരു സമാന്തരശ്രേണിയുടെ ആദ്യത്തെ 9 പദങ്ങളുടെ തുക 45 ഉം, ആദ്യത്തെ 18 പദങ്ങളുടെ തുക 171 ആയാൽ

(a) അഞ്ചാം പദം എത്ര?

(b) പത്താം പദം മുതൽ പതിനെട്ടാം പദം വരെയുള്ള തുക എത്ര?

(c) പതിനാലാം പദം എത്ര?

8) 6,12,18 ..... ഒരു സമാന്തരശ്രേണിയാണ്.

(a) ശ്രേണിയുടെ ഇരുപതാം പദം എത്ര?

(b) ശ്രേണിയുടെ ആദ്യത്തെ 20 പദങ്ങളുടെ തുക കാണുക.

(c) 7,13,19 ....... സമാന്തരശ്രേണിയിലെ ആദ്യത്തെ 20 പദങ്ങളുടെ തുക കാണുക.

9) ഒരു സമാന്തരശ്രേണിയുടെ ആദ്യത്തെ n പദങ്ങളുടെ തുക $3n^2 + n$ ആണ്.

(a) ശ്രേണിയുടെ ആദ്യ പദം കാണുക.

(b) പൊതുവ്യത്യാസം കാണുക.

(c) സമാന്തരശ്രേണി എഴുതുക.

(d) ശ്രേണിയുടെ n ആം പദം കാണുക.

10. ചുവടെപ്പറയുന്നവയുടെ തുക കണ്ടെത്തുക.

a) 1 + 2 + 3 +..............................+30.

b) 3 + 6 + 9 + ...............................+30.

c) 5 + 8 + 11 + ..............................+32.

d) 2 + 5 + 8 +................................+29.

*******************************************

TVM EDL DIST